കേരള സർക്കാർ

# അശമന്നൂർ ഗ്രാമപഞ്ചായത്ത്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.2)247/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി:20.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
അശമന്നൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:-അശമന്നൂർഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.ഇ.കെ.എം.(പി.2 ) 247 /2020

തീയതി :20.03.2020

## എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നൽകിയ 25 അന്വേഷണക്കുറിപ്പുകളിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് കെ .കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2020 മുതൽ 19.02.2020 വരെ |
| | |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുരേഷ് എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ഹരീഷ് ബാബു എൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജു എം എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി. മേഴ്സി കെ പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എൻ.എം. സലിം | 01.04.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി. ടി. എ. സുബൈദ | 01.04.2018 | 02.02.2019 |
| | ശ്രീമതി. ജാസ്മിൻ അഹമ്മദ്.എൻ (അസിസ്റ്റന്റ് സെക്രട്ടറി)ചാർജ്ജ് | 03.02.2019 | 05.02.2019 |
| | ശ്രീമതി ബീന ജോസഫ് | 06.02.2019 | 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജാസ്മിൻ അഹമ്മദ്.എൻ | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി. ഗായത്രി ദേവി | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അമ്പിളി | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.ബിജു വർഗീസ് പി | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.നിസറി ജോയ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജീവൻ | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.ബി എ അനിൽ | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മേതല) | ശ്രീ ഡേവിഡ് കെ.എ. | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അശമന്നൂർ) | ശ്രീ ഗിരീഷ് നായിക്ക് | 01.04.2018 | 31.03.2019 |
| ഹെഡ് മിസ്ട്രസ്, | ശ്രീമതി. ജസ്സി മാനുവൽ | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| ജി യു പി എസ്, അശമന്നൂർ | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രജിത | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീലത വി.സി | 01.04.2018 | 31.03.2019 |

ഉള്ളടക്കം


| ക്രമനം. | ഭാഗം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 12 | പ്ലൈവുഡ് കമ്പനി നിർമ്മിക്കുന്നതിന് അനുമതി നൽകി നിരോധന ഉത്തരവ് നിലനിൽക്കെ. | 1-12 |
| 13 | തായ്ക്കോണ്ടോ പരിശീലനം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്തു | 1-13 |
| 14 | പി.എസ്.സി പരിശീലനം - ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-14 |
| 15 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതിലെ അപാകതകൾ | 1-15 |
| 16 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല. | 1-16 |
| 17 | പഞ്ചായത്ത് കോർട്ട് യാർഡ് റൂഫിംഗ് കൺസ്ട്രക്ഷൻ പൂർത്തീകരണം - കരാർ നൽകിയത് മുൻധാരണയോടെ. | 1-17 |
| 18 | സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ് | 1-18 |
| 19 | ഗുണഭോക്തൃസമിതിയിൽ നിന്നും ആദായനികുതി ഈടാക്കിയതിൽ കുറവ് | 1-19 |
| 20 | കുടിവെള്ളപദ്ധതി / തോട് നവീകരണത്തിന്റെ ഭാഗമായി | |

| | | |
|---|---|---|
| | ലഭിക്കുന്ന മണ്ണിന്റെ തുടർനടപടി വിവരമില്ല. | 1-20 |
| 21 | വെള്ളക്കരം അടവാക്കിയിട്ടും കുടിശ്ശിക നിലനിൽക്കുന്നു | 1-21 |
| 22 | ബാലപഞ്ചായത്ത്-അധിക തുക നൽകി | 1-22 |
| 23 | അധിക ഫീസ് ഈടാക്കിയില്ല. | 1-23 |
| 24 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-24 |
| 25 | എം.ജി.എൻ.ആർ.ജി.എസ്- ആദായനികുതി ഈടാക്കിയില്ല. | 1-25 |
| 26 | ജി.എസ്.ടി അധികമായി അടവാക്കിയത് സംബന്ധിച്ച് | 1-26 |
| 27 | പ്രോജക്ട് നടപ്പാക്കിയതിലെ അപാകത | 1-27 |
| 28 | തെരുവ് വിളക്ക് മെയിന്റനൻസ്-അപാകതകൾ | 1-28 |
| 29 | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയതിലെ അപാകതകൾ | 1-29 |
| 30 | ഗുണഭോക്തൃസമിതി ചെയ്ത കെട്ടിട നിർമാണ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകി | 1-30 |
| 31 | 60 mm ഇന്റർലോക്കിന് കട്ട വിരിക്കൽ – ഉയർന്ന നിരക്ക് അനുവദിച്ചത്- അധികം നൽകാനിടയാക്കി | 1-31 |
| 32 | അളവ് രേഖപ്പെടുത്തിയതിലെ വ്യത്യാസം -തുക അധികം നൽകാനിടയായി | 1-32 |
| | ഭാഗം – 2 | |
| | ഇല്ല | |
| | ഭാഗം - 3 | |
| 33 | ഗുണഭോക്തൃ സമിതി ചെയ്ത കെട്ടിട നിർമ്മാണ പ്രവൃത്തികളിലെ ഇനങ്ങൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകി. | 3-1 |
| 34 | ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നല്കാനിടയാക്കി | 3-2 |
| 35 | അളവു രേഖപ്പെടുത്തിയതിലെ വ്യത്യാസം അധികം നൽകാനിടയായി | 3-3 |
| 36 | ബാലപഞ്ചായത്ത്-അധിക തുക നൽകി | 3-4 |
| 37 | പി.എസ്.സി പരിശീലനം - ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-5 |
| | ഭാഗം - 4 | |
| 38 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 42 | സ്ഥിര നിക്ഷേപം | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 45 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 49 | ബാലൻസ് ഷീറ്റ്-2018-19 | അനുബന്ധം 2 |
| 50 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-2018-19 | “ |
| 51 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | “ |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 19.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 13.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 13.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12235492 |
| വരവ് | 71472495 |
| ആകെ | 83707987 |
| ചെലവ് | 68440131 |
| നീക്കിയിരിപ്പ് | 15267856 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11576062 | 11576062 | 11576062 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4757000 | 4757000 | 4581631 | 0 | 175369 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 47000 | 47000 | 47000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14842000 | 14842000 | 13775851 | 0 | 1066149 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 2642862 | 0 | 137138 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5419000 | 5419000 | 3995715 | 0 | 1423285 |
| എം.എൻ ആർ.ഇ. ജി.എസ്. (അഡ്മിനിസ്ട്രേഷൻ ചെലവ്) | 4265 | 539187 | 543452 | 526342 | 17110 | 0 |
| എം.എൻ ആർ.ഇ. ജി.എസ്.(തൊഴിൽ കൂലി) | 0 | 20183516 | 20183516 | 20183516 | 0 | 0 |
| SBI SGRY | 27863 | 988 | 28851 | 0 | 28851 | 0 |
| ദുരിതാശ്വാസ നിധി | 72391 | 119739 | 192130 | 100236 | 91894 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 583320 | 13146181 | 13729501 | 13143675 | 585826 | 0 |
| എം എൻ ലക്ഷംവീട് | 110765 | 996885 | 1107650 | 0 | 1107650 | |
| ലൈഫ് സംഭാവന | 35604 | 114 | 35718 | 35606 | 112 | 0 |
| സാക്ഷരത | 48933 | 94731 | 143664 | 0 | 143664 | 0 |
| SBI buds | 236795 | 11988 | 248783 | 0 | 248783 | 0 |
| ശുചിത്വം SCB | 20697 | 1047 | 21744 | 0 | 21744 | 0 |
| ജനകീയ ഭവനം SBI | 82536 | 0 | 82536 | 0 | 82536 | 0 |
| കെ യു ആർ ഡി എഫ് സി ലോൺ | 0 | 1508198 | 1508198 | 1505266 | 2932 | |
| ബി ഫണ്ട് | 0 | 285240 | 285240 | 285240 | 0 | 0 |
| ജോയിന്റ് വെഞ്ച്വർ( ജില്ലാ പഞ്ചായത്ത്) | 0 | 2453034 | 2453034 | 2453034 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ( ബ്ലോക്ക് പഞ്ചായത്ത്) | 0 | 2876560 | 2876560 | 2776580 | 99980 | 0 |
| തനത് ഫണ്ട്( എസ് സി ബി തനത്, എസ് ബി ഐ പെൻഷൻ, എസ് ബി ഐ ഇ പേയ്മെന്റ്) | 10883639 | 12550299 | 23433938 | 10866347 | 12567591 | 0 |
| ക്യാഷ് | 128684 | 269183 | 397867 | 128684 | 269183 | 0 |

2017-18 ഓഡിറ്റ് റിപ്പോർട്ടിലെ ഫണ്ട് വിനിയോഗം നീക്കിബാക്കിയിൽ ചില തുക ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| എം എൻ ലക്ഷം വീട് (കൂട്ടുക) | 110765 |
| ക്യാഷ് | 128684 |
| ആകെ | 239449 |
| ഐ സി ഡി എസ് (കുറയ്ക്കുക .ഈ തുക തനതു ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്നു) | 503079 |
| ആകെ | 263630 |
| ലൈഫ് കേരള ഗ്രാമീൺ ബാങ്കിലെ ശരിയായ നീക്കിബാക്കി 35604/- രൂപയ്ക്ക് പകരം 35610/-രൂപയാണ് ഉൾപ്പെടുത്തിയത് ആയതിനാൽ 6 രൂപ കൂട്ടുമ്പോൾ | 6 |
| 2017-18 ലെ ഫണ്ട് വിനിയോഗം നീക്കിബാക്കിയിൽ ചേർക്കേണ്ട തുക | 263636 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 180 | 84710859 | 91 | 58568084 | 58 | 31 | 50 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4265 | 539187 | 543452 | 526342 | 17110 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 20183516 | 20183516 | 20183516 | 0 |
| ആകെ | 4265 | 20722703 | 20726968 | 20709858 | 17110 |

# 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 53760 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 8135100 | 644 |
| വിധവാപെൻഷൻ | 7804800 | 635 |
| വാർദ്ധക്യകാല പെൻഷൻ | 15227200 | 1279 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3403200 | 271 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 371800 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 150000 | 5 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.2020ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26423/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

1) ഫ്രണ്ട് ഓഫീസ്. ഫ്രണ്ട് ഓഫീസ് ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഭിന്ന ശേഷിക്കാരായവർക്ക് ഫ്രണ്ട് ഓഫീസ് സൗകര്യം പ്രാപ്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ

രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ സൂചികയിൽ ഫയലുകളുടെ വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

2) മരാമത്ത് പ്രവൃത്തികളിൽ ടാറിംഗ് വർക്കുകളിൽ ചില ഫയലുകളിൽ ബിറ്റുമിന്റെ ബിൽ സൂക്ഷിച്ചിട്ടില്ല (ഉദാ :- പ്രൊജക്ട് നം. S01112/18, S0113/18/ S0111/18). കരാറുകാരിൽ നിന്നും ബിറ്റുമിന്റെ ബിൽ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3) ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) <u>തൊഴിലുറപ്പ് പദ്ധതി</u>

സർക്കുലർ നം. 14829/DD2/09/ LSGD/ dt.2.3.2009 പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുളങ്ങളും ജല സംഭരണികളും നിർമ്മിക്കുമ്പോൾ പൊതു ജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വെക്കണം. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല.

5. <u>പഞ്ചായത്ത് നൽകുന്ന ചെക്കുകൾ ക്രോസ്സ് ചെയ്ത് സുരക്ഷിതമാക്കുന്നില്ല.</u>

വിവിധ ആവശ്യങ്ങൾക്കായി ചെക്കുകൾ വഴി പേയ്മെൻറ് നടത്തുമ്പോൾ ടി തുകകൾ അവ നൽകുന്ന സ്ഥാപനത്തിന്റെ/ വ്യക്തിയുടെ അക്കൗണ്ടിലേക്ക് തന്നെയാണ് പോകുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ചെക്കുകൾ "Account payee" ക്രോസ്സിംഗ് നടത്തി സുരക്ഷിതമാക്കേണ്ടതാണ്. മാത്രമല്ല സ്ഥാപനങ്ങളുടെ പേരിലുള്ള ബില്ലുകളുടെ പേയ്മെൻറ് നടത്തുമ്പോൾ ചെക്കുകൾ ആ സ്ഥാപനത്തിന്റെ പേരിലാണ് നൽകേണ്ടത്. ഉദാ – M/s. Impression Offset Printers bill no. 318/ dtd. 28.06.2018, 175000/-(പൗരാവകാശരേഖ പ്രിൻറിംഗ്). ഈ തുകയുടെ പേയ്മെൻറ് നടത്തിയിരിക്കുന്നത് ഷിനു.പി.എം എന്നയാളുടെ പേരിലാണ്. ചെക്ക് നം. 3096635/26.09.2018 , 173250/-രൂപ.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 31.10.2019 | 12/2018 | 29.01.2020 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.2017 | 2011-12 മുതൽ 2015-16 വരെ | 09.03.2017 |

# 1-11 ഓഡിറ്റ് ഇംപാക്ട്

അസിസ്റ്റൻറ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. യുടെ രസീത് കളക്ഷൻ ഇനത്തിൽ രസീത് ബുക്ക് നമ്പർ 3511, 1 മുതൽ 23 വരെ, 04.08.2018ലെ കളക്ഷൻ 46816/- രൂപയായിരുന്നു. എന്നാൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിരുന്നത് 46716/- രൂപയാണ്. കുറവുണ്ടായിരുന്ന 100/-രൂപ ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 18.02.2020 ൽ രസീത് നമ്പർ 119020104171 പ്രകാരം അടവാക്കി.

# 1-12 നിരോധന ഉത്തരവ് നിലനിൽക്കെ പ്ലൈവുഡ് കമ്പനി നിർമ്മിക്കുന്നതിന് അനുമതി നൽകി-

ഫയൽ നമ്പർ C2-2396/18

ശ്രീ.യു.ബാവ, മാനേജിംഗ് പാർട്ടണർ, മാഗ്നറ്റ് വുഡ് ഇൻഡസ്ട്രീസ് എന്നയാൾ 01-02-2011 ൽ മാഗ്നറ്റ് വുഡ് ഇൻഡസ്ട്രീസ് എന്ന പ്ലൈവുഡ് കമ്പനി സർവേ നം- 350/2-3, 350/2-2 ലെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് പെർമിറ്റിനായി അപേക്ഷ നൽകിയിരുന്നു. മേൽ അപേക്ഷയിൽ 14-02-2011 ലെ കമ്മിറ്റി തീരുമാന പ്രകാരം വിവിധ വകുപ്പുകളുടെ NOC,ചീഫ് ടൗൺപ്ലാനറുടെ ലേ ഔട്ട് അംഗീകാരം എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയിരുന്നുവെങ്കിലും യഥാസമയം അപേക്ഷകൻ ഇവ ഹാജരാക്കിയിരുന്നില്ല. അതിനാൽ പെർമിറ്റ് നൽകിയിരുന്നില്ല. 7 വർഷങ്ങൾക്ക് ശേഷം 28-04-2018 ൽ അപേക്ഷ പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ NOC കൾ അടക്കം ടിയാൻ വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ 08-06-2017 ലെ 27-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുതിയ പ്ലൈവുഡ് കമ്പനികളുടെ നിർമ്മാണവും വിപുലീകരണവും നിരോധിച്ചിട്ടുള്ളതിനാലും ബഹു ജില്ലാ കളക്ടർ പുതിയ പ്ലൈവുഡ് സ്ഥാപനങ്ങൾ എറണാകുളം ജില്ലയിൽ നിരോധിച്ച് ഉത്തരവായിട്ടുള്ളതിനാലും പെരുമ്പാവൂർ മേഖലയിൽ തടിമില്ല്, മരാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് പുതിയതായി ലൈസൻസ് നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ബഹു. സുപ്രീം

കോടതി ഉത്തരവായിട്ടുള്ളതിനാലും ടിയാന്റെ മാഗ്നറ്റ് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകുവാൻ സാധിക്കുകയില്ലെന്ന് സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചു. എന്നാൽ 8-6-17 ലെ 27-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനും മേല്പറഞ്ഞ ഉത്തരവുകൾക്കും മുമ്പേ വിവിധ വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾക്കായി കത്തുകൾ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ M/S മാഗ്നറ്റ് വുഡ് ഇന്ഡസ്ട്രീസ് എന്ന സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് ഭരണസമിതി തീരുമാനിച്ചു. (02-07-2018 ലെ തീരുമാനം നമ്പർ 1)

02-07-2018 ലെ കമ്മിറ്റി, നിർമ്മാണാനുമതി നൽകുന്നതിന് തീരുമാനിച്ച സമയത്ത് സർവ്വേ നമ്പർ 350/2-3 , 350/2-2 ൽപ്പെട്ട വസ്തുവിന്റെ ഉടമസ്ഥാവകാശം ശ്രീ. മുഹമ്മദ് യൂഫാസ്,പുതിയവീട്ടീൽ ,കാരായിൽ എന്നയാളുടെ പേരിലായിരുന്നു. 19-09-2018 ൽ മേൽ സർവ്വേ നമ്പറിൽ വീണ്ടും വ്യവസായ കെട്ടിടത്തിന് അനുമതി നൽകണമെന്ന് ശ്രീ. മുഹമ്മദ് യൂഫാസ് സമർപ്പിച്ച അപേക്ഷയിൽ നിർമ്മാണ അനുമതി നൽകി. (24-09-2018 ലെ തീരുമാനം നമ്പർ 3( 1) )

പഞ്ചായത്ത് കമ്മിറ്റിയും ജില്ലാ കളക്ടറും പുതിയ പ്ലൈവുഡ് കമ്പിനികളുടെ നിർമ്മാണവും വിപുലീകരണവും നിരോധിച്ചിട്ടുള്ള സമയത്ത് മേൽ ഉത്തരവുകൾക്കും മുമ്പേ മേൽ സർവ്വേ നമ്പറിൽ കമ്പനി നിർമ്മിക്കുന്നതിന് യു.ബാവ അപേക്ഷ നൽകിയെന്ന കാരണത്താൽ 7 വർഷങ്ങൾക്കു ശേഷം ഹാജരാക്കിയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇതേ സർവ്വേ നമ്പറിൽ മറ്റൊരാൾക്ക് (ശ്രീ. മുഹമ്മദ് യൂഫാസിന്) പ്ലൈവുഡ് കമ്പനി നിർമ്മിക്കുന്നതിന് അനുമതി നൽകിയത് ഗുരുതരമായ വീഴ്ചയാണ്.(പെർമിറ്റ് നമ്പർ -- C2-BA/283723/2018,തീയതി 04-10-2018) ടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടത്തിന് നമ്പർ നൽകിയിട്ടുണ്ട്.
ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-13 തായ് ക്വോണ്ടോ പരിശീലനം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്തു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തായ് ക്വോണ്ടോ പരിശീലനം |
| പ്രോജക്ട് നമ്പർ | S00019/19 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് , ഗവ. UPS , അശമന്നൂർ |
| | |

| | |
|---|---|
| ചെലവു വിവരം | ബിൽ നമ്പർ 6 /20-3-19 രൂപ 40000/-<br>7 /20-3-19 , 33000/-<br>8 /20-3-19 , 11947/-<br>ആകെ – 84,947/- |

അശമന്നൂർ ഗവ. UP സ്കൂളിലെ പെൺകുട്ടികൾക്ക് തായ്ക്കോണ്ടാ പരിശീലനം നൽകുന്നതിനായി പരിശീലകരെ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ക്ഷണിച്ചതിൽ ശ്രീ. T.P വേണുഗോപാലിനെ പരിശീലകനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2018 സെപ്തംബർ മുതൽ 2019 ഫെബ്രുവരി വരെ പരിശീലനം നൽകിയതിന് പ്രതിമാസം 10000/-രൂപ നിരക്കിൽ 60000/-രൂപ പരിശീലകനും പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾക്ക് ലഘുഭക്ഷണം നൽകിയതിന് 24947/-രൂപയും ഉൾപ്പെടെ 84947/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം.11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 – മാർഗരേഖ ,ഖണ്ഡിക 6.3.(8) അനുസരിച്ച് പ്രതിരോധ പരിശീലന പരിപാടിയായ തായ്ക്കോണ്ടാ പരിശീലനം വനിതകൾക്ക് നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ടി പ്രോജക്ട് യു പി സ്കൂൾ കുട്ടികൾക്കായാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന് വികസന ഫണ്ടിൽ നിന്നും 84947/-രൂപ ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ തടസ്സത്തിൽ വെയ്ക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-14 പി.എസ്.സി പരിശീലനം - ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് പി .എസ്.സി പരിശീലനം |
| പ്രോജക്ട് നമ്പർ | S00018/19 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് , ഗവ. UPS , അശമന്നൂർ |
| ചെലവു വിവരം | ബിൽ നമ്പർ 5 /20-3-19, രൂപ -30320/-<br>5 /20-3-19, രൂപ – 38000/- |

തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി പരിശീലനം കൊടുക്കുന്നതിന് പരിശീലകരെ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ക്ഷണിച്ചതിൽ വിദ്യാ ജ്യോതി , പെരുമ്പാവൂർ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുണ്ട്. 2018 സെപ്തംബർ മുതൽ 2019 മാർച്ച് വരെ 55 പേർക്ക് പരിശീലനം നൽകിയതിന് തൻവർഷം 38000/-രൂപ സ്ഥാപനത്തിനും പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾക്ക് ലഘുഭക്ഷണം നൽകിയതിന് 30320/-രൂപയും ഉൾപ്പെടെ ആകെ 68320/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി 11.02.2018-ാം നമ്പർ സബ്സിഡി മാർഗരേഖ, ഖണ്ഡിക 8.5 പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ പാടില്ല എന്ന നിർദ്ദേശമുള്ളപ്പോഴാണ് ഇത്തരത്തിൽ പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചിരിക്കുന്നത്. വികസന പ്രോജക്ടിന്റെ ഭാഗമായും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും പരിശീലന പരിപാടികൾ നടത്താവുന്നതാണ്. നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാമെങ്കിലും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നതായിരിക്കണം. തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് പി എസ്.സി പരിശീലനം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നതല്ല. അതിനാൽ ഇത്തരത്തിൽ തുക ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. വിശദ വിവരം ഖണ്ഡിക 3-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-15 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതിലെ അപാകതകൾ

അശമന്നൂർ ഗ്രാമപഞ്ചായത്തിലെ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് കോട്ടപ്പടിയിലുള്ള ഇംപ്രിസൺ ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് അനുമതി നൽകുകയും അതനുസരിച്ച് തുക നൽകുകയും ചെയ്തു. 1500 കോപ്പി പൗരാവകാശ രേഖ പ്രിന്റ് ചെയ്യുന്നതിന് 15.05.2018 ലെ 11(9)-ാം നമ്പർ തീരുമാന പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇംപ്രിസൺ ഓഫ് സെറ്റ് പ്രിന്റേഴ്സിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയുണ്ടായി. എന്നാൽ 02.07.2018 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ സ്ഥാപനം നൽകിയ 175000/-രൂപയുടെ ബില്ല് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുക നൽകുവാൻ കഴിയില്ല എന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ പൗരാവകാശ രേഖ 2018-19 ലെ അംഗീകരിച്ച നിരക്ക് പ്രകാരം പ്രിന്റ് ചെയ്തതിനാലും ആയത് ജനങ്ങളുടെ കയ്യിൽ വേഗത്തിൽ എത്തിക്കുവാനും മേൽ തുക ഇംപ്രിസൺ ഓഫ് സെറ്റ് പ്രിന്റേഴ്സിന് നൽകാവുന്നതാണെന്ന് 02.07.2018

ലെ 19(1)-ാം നമ്പർ തീരുമാനമനുസരിച്ച് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. സെക്രട്ടറിയുടെ വിയോജിപ്പ് മറികടന്ന് തുക നൽകുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി ശ്രമിച്ചത്. ഇംപ്രിസൺ ഓഫ് സെറ്റ് പ്രിന്റേഴ്സ് നൽകിയ ജി.എസ്.ടി നമ്പർ വ്യക്തമല്ലാത്ത ബില്ല് പ്രകാരം 1500 എണ്ണം പ്രിന്റ് ചെയ്തതിട്ടുണ്ട്. എന്നാൽ പൌരാവകാശ രേഖ ആർക്കെല്ലാം വിതരണം ചെയ്തു എന്ന് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(20/18.02.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. പൌരാവകാശ രേഖ പ്രിന്റ് ചെയ്തതിന് 173250/-രൂപ ഷിനു.പി.എം എന്ന വ്യക്തിയ്ക്ക് നൽകിയെങ്കിലും അദ്ദേഹം ഇംപ്രിസൺ ഓഫ് സെറ്റ് പ്രിന്റേഴ്സിലെ നടത്തിപ്പുകാനാണ് എന്ന് വ്യക്തമാകുന്ന രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 173250/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-16 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല.

2.5 ലക്ഷം രൂപയ്ക്ക് മേൽ നൽകുന്ന ബില്ലിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിന്റെ 65/39/2018-DOR തീയതി 14.09.2018 പ്രകാരം 01.10.2018 മുതൽ GST ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ മേൽപ്പറഞ്ഞ തീയതിക്കു ശേഷം നൽകിയപ്പോൾ GST ഈടാക്കിയിട്ടില്ല. GST ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ കൺവീനർ | ചെയ്ത പ്രവൃത്തിയുടെ മൂല്യം/ അളവു പുസ്തകം | ചെലവു വിവരം | ഈടാക്കേണ്ട GST @2% |
|---|---|---|---|---|---|
| 1 | അശമന്നൂർ സ്കൂൾ നവീകരണം | ബാബു എം.എസ് | 927749/- 299/18-19 | ബിൽ നം 58/21-2-19 രൂപ 927749/- | 18555 |
| 2 | വഴിപ്പുഴ അങ്കണവാടി പാടം റോഡ് കോൺക്രീറ്റിംഗ് | മൊയ്ദീൻ കുഞ്ഞ് | 414463/- 54/18-19 | ബിൽ നം 8/25-10-18 രൂപ 414463/- | 8289 |
| 3 | പൂമല ബാപ്റ്റിസ്റ്റ് ചർച്ച് റോഡ് കോൺക്രീറ്റിംഗ് | മൊയ്ദീൻ കുഞ്ഞ് | 426615/- 55/18-19 | ബിൽ നം 9/25-10-18 രൂപ 426615/- | 8532 |

| | ആകെ | - | | | 35376/- |
|---|---|---|---|---|---|

മേൽപ്പറഞ്ഞ സർക്കുലറിൽ ജി. എസ്.ടി ആക്ട് 2017-ൽ TDS ന്റെ പരിധിയിൽ വരുന്ന (2.5 ലക്ഷം രൂപയിൽ കൂടുതൽ തുക നൽകുന്ന കോൺട്രാക്ടുകൾ ഉൾപ്പെടെ) എല്ലാ പേയ്മെന്റുകൾക്കും 01.10.2018 മുതൽ 2% കിഴിവ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ GST ഇനത്തിൽ ഈടാക്കേണ്ട 35376/-രൂപ കൺവീനർ/കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-17 പഞ്ചായത്ത് കോർട്ട് യാർഡ് റൂഫിംഗ് കൺസ്ട്രക്ഷൻ പൂർത്തീകരണം - കരാർ നൽകിയത് മുൻധാരണയോടെ.

| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് കോർട്ട് യാർഡ് റൂഫിംഗ് കൺസ്ട്രക്ഷൻ പൂർത്തീകരണം |
|---|---|
| പ്രോജക്ട് നമ്പർ | S0134/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ദിനു. കെ .ചന്ദ്രൻ |
| അളവുപുസ്തകം | MB- 276/17-18 |
| ചെലവു വിവരം | ബിൽ നമ്പർ 13/28-5-18 ,രൂപ 1019196/-<br>ചെക്ക് നമ്പർ 046966/23-3-19 രൂപ 387121/- |

(എ)കരാർ നൽകിയത് മുൻധാരണപ്രകാരം.

പഞ്ചായത്ത് കോർട്ട് യാർഡ് റൂഫിംഗ് കൺസ്ട്രക്ഷൻ നടത്തുന്നതിന് ഇ-ടെണ്ടർ ചെയ്തപ്പോൾ താഴെപ്പറയുന്ന രണ്ട് ടെണ്ടറുകൾ ലഭിച്ചു.

സലിംകുമാർ - 1185705/-

ദിനു.കെ.ചന്ദ്രൻ- 1490129/-

കുറഞ്ഞ നിരക്കായ 1185705/-രൂപയിൽ പ്രവൃത്തി ചെയ്യുവാൻ സാധിക്കുകയില്ലെന്ന് കാണിച്ചുകൊണ്ട് ദിനു.കെ.ചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സലിംകുമാറിനെ ഒഴിവാക്കിയതിന് കാരണമൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് നടത്തിയ റീടെണ്ടറിൽ രണ്ട് ടെണ്ടറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് 1451133/-രൂപ ക്വോട്ട് ചെയ്ത

ദിനു.കെ.ചന്ദ്രന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടിയാൻ ടെണ്ടർ സമർപ്പിച്ചിരിക്കുന്നത് 28-02-18 ലാണ്. എന്നാൽ ടി പ്രവൃത്തിക്കായി ടിയാൻ കരാർ വെച്ചിരിക്കുന്നത് 10-2-18 ലാണ്. (കരാർ നം 57/AE/LSGD/ASR/17-18 തീയതി 10-02-18). കരാർ വെച്ചിരിക്കന്ന മുദ്രപത്രത്തിന്റെ തീയതിയാകട്ടെ 01-03-18 ആണ്. 28-02-18 ൽ ടെണ്ടർ സമർപ്പിച്ചിരിക്കുന്ന ദിനു .കെ.ചന്ദ്രൻ 01-03-18 ൽ വാങ്ങിയ മുദ്രപത്രത്തിൽ 10-02-18 ൽ കരാർ വെച്ചിരിക്കുന്നത് നീതികരിക്കാൻ സാധിക്കാത്തതാണ്. ആദ്യ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സലിംകുമാറിനെ ഒഴിവാക്കി ദിനു .കെ.ചന്ദ്രനുമായി നെഗോഷ്യയേഷൻ നടത്തിയതും ടി പ്രവൃത്തി ദിനു.കെ.ചന്ദ്രനു നൽകണമെന്ന ധാരണയോടെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ടി പ്രവൃത്തി ചെയ്യുവാൻ ഇതിലും കുറഞ്ഞ നിരക്ക് ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് ദിനു.കെ.ചന്ദ്രനുമായി നെഗോഷ്യയേഷൻ നടത്തിയിട്ടുള്ളത്. കാരണം കൂടാതെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സലിംകുമാറിനെ ഒഴിവാക്കിയത് വഴി ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അധികച്ചെലവിനിടയാക്കി. ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(ബി) പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയതിന് ഫൈൻ ഈടാക്കിയില്ല.

ടി നിർമ്മാണത്തിന് ശ്രീ.ദിനു.കെ.ചന്ദ്രൻ കരാർ വെച്ച് 10-02-18 ൽ സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. ഇത് തിരുത്തി 10-03-18 എന്നാക്കിയിട്ടുണ്ട്. എന്നാൽ കരാറിൽ തീയതി 10-02-18 ആണ്. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമാണ് (09-08-18). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 02-02-19ലാണ്. പ്രവൃത്തിയുടെ അളവിൽ വ്യത്യാസം വന്നതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. {08-02-19 ലെ തീരുമാനം 3 (5 )}

സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്നതിനായി കരാറുകാരൻ ഒപ്പിട്ട മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ വെച്ചിട്ടില്ല. മുദ്രപത്രം പരിശോധിച്ചതിൽ മുദ്രപത്രം വാങ്ങിയ തീയതി 31-12-18 ആണ്. ഇതിൽ നിന്നും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് യഥാസമയം അപേക്ഷ നൽകിയിരുന്നില്ലെന്ന് വ്യക്തമാണ്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം ദീർഘീകരണത്തിന് , കാലാവധി തീരുന്നതിന് മുമ്പായി കരാറുകാരൻ അപേക്ഷ നൽകേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല.. അപേക്ഷ സമർപ്പിക്കാതെ തന്നെ കരാറുകാരന് സമയം ദീർഘിപ്പിച്ചു നൽകിയ നടപടി ശരിയല്ല.കരാർ വ്യവസ്ഥ 7 പ്രകാരം ആദ്യ 3 മാസത്തേക്ക് സമയം നീട്ടി നൽകുന്നതിന് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ 3മാസത്തിനും 2% വുമാണ് ഫൈൻ ഈടാക്കാൻ വ്യവസ്ഥ

ചെയ്തിരിക്കുന്നത്. ഇതനുസരിച്ച് ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സൈറ്റ് ഏറ്റെടുത്ത തീയതി | 10-02-18 |
| പൂർത്തീകരിക്കേണ്ട തീയതി | 09-08-18 |
| പൂർത്തീകരിച്ച തീയതി | 02-02-19 |
| വരുത്തിയ കാലതാമസം | 5 മാസം 25 ദിവസം |
| എഗ്രീഡ് PAC | 1451133/- |
| ഈടാക്കേണ്ട ഫൈൻ<br>ആദ്യ 3 മാസം(1%)<br>പിന്നീടുള്ള 2 മാസം 25 ദിവസം (2%)<br>{1451133x 2% X85/90} | 14511<br><u>27410</u><br>ആകെ 41921/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-18 സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പനിച്ചയം ലിഫ്റ്റ് ഇറിഗേഷൻ കുളം ഫീൽഡ് ചാനൽ നവീകരണം |
| പ്രോജക്ട് നമ്പർ | S0180/19 |
| ചെലവു വിവരം | ചെക്ക് നം 1655382/24-1-19രൂപ 200000/-<br>ചെക്ക് നം 3096666/24-1-19 രൂപ 9973 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB 289/18-19 |
| കരാറുകാരൻ | സജീവ് .എം.എസ് |

പനിച്ചയം ലിഫ്റ്റ് ഇറിഗേഷൻ കുളം ഫീൽഡ് ചാനൽ നവീകരണം എന്ന് പ്രവൃത്തിയിൽ കുളത്തിനു ചുറ്റുംഭിത്തി നിർമ്മിച്ചിരിക്കുന്നത് 1:2:4 CC യിലാണ്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 78/2016/fin dt19-09-16-ാം നമ്പർ സർക്കുലറിൽ സിമന്റ് കോൺക്രീറ്റിംഗിലുള്ള സംരക്ഷണ ഭിത്തി M10 ഗ്രേഡിൽ (1:3:6) നിർമ്മിക്കുന്നതിനു പകരം 1:2:4 ഗ്രേഡിൽ നിർമ്മിക്കുന്നത് അധികച്ചെലവാണെന്നും അത് പൊതു പണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സംരക്ഷണ ഭിത്തി 1:2:4 M20 ഗ്രേഡിൽ നിർമ്മിച്ചതിന് അനുവദിച്ച തുക | 8.57 $m^3$ @8008/$m^3$ = 68629/- |
| M10 ഗ്രേഡിൽ (1:3:6) നിർമ്മിക്കുമ്പോൾ വരുന്ന ചെലവ്<br>അനുവദനീയമായ നിരക്ക് - 7197.35/m3 | 8.57 $m^3$ @7197.35/$m^3$ = 61681/- |
| അധികം ചെലവഴിക്കേണ്ടി വന്ന തുക | 6948/- |

സാങ്കേതിക സർക്കുലറിലെ നിബന്ധനകൾ പാലിക്കുവാനും അധികച്ചെലവ് ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-19 ഗുണഭോക്തൃസമിതിയിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിരിക്കുന്നത് ഗുണഭോക്തൃസമിതിയാണ്. ടി പ്രവൃത്തിയിലെ ഇനങ്ങൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകിയാണ് നിരക്ക് അനുവദിച്ചിട്ടുള്ളത്. ഫൈനല് ബിൽ പ്രകാരം തുക നൽകിയപ്പോൾ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്. 1961 ലെ ആദായ നികുതി ആക്ട് പ്രകാരം സമിതി /സ്ഥാപനമാണ് കരാറുകാരെങ്കിൽ 2% നിരക്കിലാണ് ആദായ നികുതി ഈടാക്കേണ്ടത്. എന്നാൽ ടി പ്രവൃത്തിയുടെ ബില്ലിൽ നിന്നും 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ചെയ്ത വേലയുടെ മൂല്യം/ അളവുപുസ്തകം | ഈടാ ക്കേണ്ടുന്ന ആദായ നികുതി @2% | ഈടാക്കിയ ആദായ നികുതി @1% | കുറവ് | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | അശമന്നൂർ ഗവ.യു.പി സ്കൂൾ മെയിന്റനൻസ് കൺവീനർ- ബാബു എം എസ് | 1177562/- 52/18-19 | 23551 | 11775 | 11776 | ബിൽ നം 31/30-12-18 രൂപ 1177562/- |
| 2 | അശമന്നൂർ സ്കൂൾ നവീകരണം കൺവീനർ- ബാബു എം എസ് | 927749/- 299/18-19 | 18555 | 9278 | 9277 | ബിൽ നം 58/21-2-19 രൂപ 927749/- |
| | ആകെ | | | | 21053 | |

കുറവു വന്ന 21053/- ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-20 കുടിവെള്ളപദ്ധതി / തോട് നവീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണിന്റെ തുടർനടപടി വിവരമില്ല.

(1)കരിങ്ങാട്ടുചിറ ഡ്രിങ്കിംഗ് വാട്ടർ റിനോവേഷൻ എന്ന പദ്ധതിക്ക് ചിറയിൽ നിന്നും കോരിയ 800m$^3$ മണ്ണിൽ 625m$^3$ മണ്ണ് ചിറയുടെ ചുറ്റുമുള്ള പറമ്പിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും LSGD അസി.എഞ്ചിനിയർ 19-2-19 ൽ കത്ത് നൽകിയിരുന്നു.

(2) നമ്പേലിച്ചിറ കുടിവെള്ള പദ്ധതി നവീകരണം എന്ന പദ്ധതിയിൽ 792m$^3$ മണ്ണ് ചെളിമണ്ണ് കോരിയത് സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന് 2-4-18 ൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ഇവ 14-6-19 ൽ ലേലം ചെയ്യുവാൻ തീരുമാനിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 28-6-19 ൽ പുനർലേലം ചെയ്യുന്നതിന് പരസ്യം ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടി വിവരമില്ല.

(3) കുട്ടിക്കുഴി തോടിന്റെ ആഴവും വീതിയും കൂട്ടുന്നതിനുള്ള S0018/19 നമ്പർ പ്രോജക്ടിന്റെ ഭാഗമായി 1528.85m$^3$ മണ്ണ്
( അളവുപുസ്തകം 310/18-19) കോരിമാറ്റിയിട്ടുണ്ട്.

(4) ചെറുകുന്നം മൂപ്പക്കാട്ടുചിറ കുടിവെള്ളപദ്ധതി നവീകരണത്തിന്റെ (S0113/19) ഭാഗമായി ചിറയിൽ നിന്നും 1005.325m$^3$ മണ്ണ്
(അളവുപുസ്തകം 295/18-19) കോരിമാറ്റിയിട്ടുണ്ട്.

ഇവയുടെ വിനിയോഗ വിവരം ലഭ്യമല്ല. ഇവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

# 1-21 വെള്ളക്കരം അടവാക്കിയിട്ടും കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വെള്ളക്കരക്കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 08.03.2019 ലെ ബിൽ നം 13 പ്രകാരം 901766/-രൂപയാണ്. 166 പൊതുടാപ്പുകൾക്കായി 72625/-

രൂപയാണ് പഞ്ചായത്തിൽ പ്രതിമാസ പൊതുടാപ്പുകളുടെ വെള്ളക്കരം. ഇത് പഞ്ചായത്ത് കൃത്യമായി അടവാക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് 99538/-രൂപയും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 24994/-രൂപയുമുൾപ്പെടെ ആകെ 124532/-രൂപ ഉറവിടത്തിൽ നിന്ന് കുറച്ചിട്ടുണ്ട്. ഇത് കുടിശ്ശികയിനത്തിൽ കുറവ് ചെയ്ത് വാട്ടർ അതോറിറ്റി നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മറ്റി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുവാനും ആവശ്യപ്പെട്ട് 12.02.2020 നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടി മേൽ സൂചിത ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത തുക ഭാവിയിൽ വെള്ളക്കരമിനത്തിൽ നിന്ന് കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും, നിലവിൽ വാട്ടർ അതോറിറ്റി നല്കിയിട്ടുള്ള കുടിശ്ശിക ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശികത്തുക തെറ്റായി ഡിമാന്റ് ചെയ്തിട്ടുള്ളതാണെന്നും,പഞ്ചായത്ത് കൃത്യമായി തന്നെ വെള്ളക്കരം അടവാക്കുന്നുണ്ടെന്നും അറിയിച്ചു. ആയതിനാൽ വെള്ളക്കരക്കുടിശ്ശിക ഡിമാന്റ് ചെയ്യുന്നതൊഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, നല്കുന്ന വെള്ളക്കരത്തിന് ലഭിക്കുന്ന രസീതുകൾ പ്രത്യേകം ഫയലായി സൂക്ഷിക്കേണ്ടതുമാണ്.

# 1-22 ബാലപഞ്ചായത്ത്-അധിക തുക നൽകി

അശമന്നൂർ ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ മാനസികോല്ലാസത്തിനായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ബാലപഞ്ചായത്തിൽ വിവിധങ്ങളായ പരിപാടികൾ ഓഡിറ്റ് വർഷം ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. പ്രധാനമായും ക്വിസ് മത്സരം, വിവിധ കലാപരിപാടികൾ എന്നിവയായിരുന്നു നടത്തിയത്. ആയതിന് കുട്ടികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് 22/2018,തീയതി 14.02.2018 മാർഗരേഖ ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനത്തിന് പഞ്ചായത്ത് തലത്തിൽ 40000/-രൂപയിൽ കവിയാതെ ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ 10000/-രൂപ കൂടി അധികമായി ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-23 ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ്

നൽകൽ)ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുൻപായും, പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിന് മുൻപായും സമർപ്പിക്കേണ്ടതാകുന്നു. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം IV പട്ടികയിൽ പറഞ്ഞ പരമാവധി ഫീസ് യഥാസമയത്ത് സമർപ്പിക്കുന്ന അപേക്ഷകൾക്കേ ബാധകമാവുന്നുള്ളൂ. താമസിച്ച് അപേക്ഷ സമർപ്പിക്കുന്നവർക്ക് അടക്കേണ്ടതായ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനയുടമകൾ താമസിപ്പിച്ച് അപേക്ഷ സമർപ്പിച്ചിട്ടും അധിക ഫീസ് ഈടാക്കി കാണുന്നില്ല. ഈ സ്ഥാപനയുടമകൾ 2017-18 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളതാണ്.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് വിലാസം | ലൈസൻസ് നം തീയതി | വാർഡ് കെട്ടിട നം | ഈടാക്കിയ ഫീസ് | അധിക ഫീസായി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | ശ്രീ അലിയാർ.എൻ.എം നെളിക്കുന്നേൽ | 178/18-19 18.05.2018 | VIII,416B | 5000 | 1250 |
| 2 | ശ്രീ.മോഹനൻ പുന്നേക്കുന്നേൽ, പനിച്ചായം | 197/18-19 18.05.2018 | VII,150 | 1000 | 250 |
| 3 | ശ്രീ.എം.അജിംസ്. മറ്റക്കൊമ്പിൽ | 214/18-19 19.07.2018 | X,415 | 5000 | 1250 |
| 4 | ശ്രീ.അഫ്സൽ ഇബ്രാഹിം ഞാറ്റുംകാല | 239/18-19 19.09.2018 | VI,352A | 2000 | 500 |
| 5 | ശ്രീ.എം.എച്ച് കരിം. മക്കനായത്ത്. | 250/18-19 09.10.2018 | VIII,425 | 5000 | 1250 |
| 6 | ശ്രീ .അബ്ദുൾ ഷെഫീക്ക് ചിറ്റത്തുകുടി | 276/18-19 01.01.2019 | VIII,421B | 5000 | 1250 |
| 7 | ശ്രീ.ഡേവിഡ്, തോപ്പിലാൻ | 278/18-19 18.05.2019 | VIII,417 | 5000 | 1250 |
| 8 | ശ്രീ അലിയാർ.സി.എം ചിറയ്ക്കകുടി, | 281/18-19 23.01.2019 | XI.221A | 4000 | 1000 |
| ആകെ | | | | | 8000 |

സൂചിത പരാമർശത്തിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 18.02.2019 ൽ നല്കിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ ഒഴിവാക്കേണ്ടതിനെ ഒഴിവാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനയുടമകളിൽ നിന്ന് നിയമാനുസൃതമായ അധിക ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 തൊഴിൽ നികുതി ഈടാക്കുന്നില്ല

എ) താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| ക്രമനം | പേര്, മേൽവിലാസം | വാർഡ് കെട്ടിട നം | തരം, ലൈസൻസ് നം | തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീ.അനോഷ്, കുന്നത്ത്, തലപുഞ്ച | IXIII,378, 378A,378B | ഗോൾഡൻ കൺസ്ട്രഷൻ സിസ്റ്റംസ് 13/2018-19 26.02.2018 | 26 |
| 2 | ശ്രീ.ഷിനോദ്.എ യു., എള്ളൂർക്കുടിയിൽ അശമന്നൂർ. | XIII 378 C | ഹീര ട്രേഡിംങ് കമ്പനി 14/ 18-19 ,26.02.2018 | 13 |
| 3 | ശ്രീ.കെ.എം.മുഹമ്മദ് കാനാംപുറം വടക്കാട്ടുപടി | VIII,416 | ബ്ലൂടെക്ക് വുഡ് ഇൻഡ്സ്ട്രീസ് ,27/18-19 28.02.2018 | 28 |
| 4 | ശ്രീ.ഇ.ടി മൈതീൻ ഇഞ്ചക്കുടി, ഇരമല്ലൂർ.പി.ഒ | IX,270 | കമ്പാനിയൻ പ്ലൈവുഡ് 59/18-19, 14.03.2018 | 28 |
| 5 | ശ്രീ. വിജുകുമാർ.കെ.ബി. കൊറ്റിയാറ വീട്. | XII,346A | ന്യൂസ്റ്റാർ പ്ലൈവുഡ് 119/18-19, 04.04.2018 | 26 |
| 6 | ശ്രീ.മുഹമ്മദ് സിദ്ധിഖ്. അരിമ്പാശ്ശേരി | X,323 | അറ്റ് ലസ് പ്ലൈവുഡ് 151/18-19,25.04.2018 | 40 |
| 7 | ശ്രീ.സലിം.പി.പി പള്ളിത്താഴത്ത് | IX,221 | എവർഗ്രീൻ പ്ലൈവുഡ് 181/18-19,25.05.2018 | 35 |
| 8 | ശ്രീ.അബ്ദുൾ | VIII,421B | സൗത്ത് ഇന്ത്യൻ | 27 |

| | | | | |
|---|---|---|---|---|
| | ഷെഫീക്ക് ചിറ്റോത്തുകുടി, നെല്ലിക്കുഴി | | പ്ലൈവുഡ് &ബോർഡ്സ് 276/18-19,01.01.2019 | |
| 9 | ഡേവിഡ് തോപ്പിലാൻ തോപ്പിലാൻ വീട്, പെരുമ്പാവൂർ | VIII,417 | കൊച്ചിൻ പ്ലൈവുഡ് പ്രൈവറ്റ് ലിമിറ്റഡ് 277/18-19,07.01.2019 | 35 |
| 10 | ശ്രീ.കെ.യു.സക്കീർ കരോത്തുക്കുടി, മാറംപ്പിള്ളി | XIII,260 | റിയൽ ഫുഡ് ഇൻഡയ്ട്രീസ്. 196/18-19,19.06.2018 | 10 |
| 11 | ശ്രീ.മൻഷാദ്.എം.പി മലേക്കുടി, അശമന്നൂർ | VIII,313 | ന്യൂ സ്റ്റാർ ബേക്കറി 170/18-19,10.05.2018 | 9 |
| 12 | ശ്രീ.നാസ്സർ.പി.എ പാറേക്കാട് ഇരുമലപ്പടി | II,89,90 | പാറേക്കാട്ടിൽ സോമിൽ 93/18-19, 24.03.2018 | 9 |
| 13 | ശ്രീ.പി.ജി ലക്ഷമണൻ റെയിംബോ എംപ്രസ് | VI,96,97 | റെയിംബോ എംപ്രസ് 90/18-19,24.03.2018 | 9 |

